# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3617 | 30.01.2014-ൽ മറുപടിയ്ക്ക്

**ഐ.ടി. കേന്ദ്രങ്ങളിലെ യുവതികൾക്കെതിരെയുള്ള സാമൂഹ്യവിരുദ്ധ അക്രമങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.എസ്. ശർമ്മ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രമുഖ ഐ.ടി കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന യുവതികൾ സാമൂഹ്യവിരുദ്ധരാൽ ആക്രമിക്കപ്പെടുന്നതും, ഭീതിയിലായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഐ.ടി. പാർക്കുകളോടനുബന്ധമായ സ്ഥലങ്ങളിൽ ഐ.ടി. പ്രൊഫഷണലുകൾക്ക് ഭീഷണി ഉണ്ടാകാതിരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ; | (ബി) ഐ.ടി. പാർക്കുകളോടനുബന്ധമായ സ്ഥലങ്ങളിൽ ഐ.ടി. പ്രൊഫഷണലുകൾക്ക് ഭീഷണി ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അവിടങ്ങളിൽ നിരന്തരമായ പോലീസ് പട്രോളിംഗ് നടത്തി ശക്തമായ പോലീസ് സാന്നിദ്ധ്യം ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (സി) കാക്കനാട് ഇൻഫോ പാർക്കിലെ ഐ.ടി. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഉത്തരേന്ത്യക്കാരി താമസസ്ഥലത്തേക്ക് വരുമ്പോൾ ആക്രമണത്തിനിരയായ സംഭവത്തിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) കാക്കനാട് ഇൻഫോ പാർക്കിലെ ഐ.ടി. സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഉത്തരേന്ത്യക്കാരി ആക്രമണത്തിനിരയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ